വതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1188 21/03/2013-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തനരീതിയും നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ;<br><br>(ബി) സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുമോ ; വിശദാംശം നൽകുമോ ; | (എ) യും (ബി) യും ഉണ്ട്. സ്മാർട്ട് വില്ലേജ് പദ്ധതിയുടെ ഭാഗമായി ആധുനിക സൗകര്യങ്ങൾ ഒരുക്കിയും ആധുനിക സാങ്കേതിക വിദ്യയിലൂടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയുടെ ഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉറപ്പായും, ഉത്തരവാദിത്വത്തോടെയും, സുതാര്യമായും നൽകി വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി. (SMART Speedy, Modern, Assured, Responsible, Transparent)മാറ്റുവാൻ ഉദ്ദേശിക്കുന്നു. വില്ലേജ് ഓഫീസുകൾ വഴി ലാന്റ് റവന്യൂ വകുപ്പ് നൽകി വരുന്ന സേവനങ്ങളായ സർട്ടിഫിക്കറ്റ് സേവനങ്ങൾ, സാമ്പത്തിക സേവനങ്ങൾ, ഭൂമി സംബന്ധമായ |

സേവനങ്ങൾ ഈ പദ്ധതി പ്രകാരം എപ്പോഴും എവിടെയും സാധ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു കൊണ്ട് അഴിമതിയും കാലതാമസവും പരമാവധി കുറച്ച് മെച്ചപ്പെട്ട സേവനം പൗരൻമാർക്ക് ഉറപ്പുവരുത്തുവാനും നല്ല രീതിയിലുള്ള സൗഹൃദാന്തരീക്ഷം. വില്ലേജ് ഓഫീസുകളിൽ സൃഷ്ടിക്കപ്പെടാനും ഉദ്ദേശിക്കുന്നു. 'ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്‌വേ' കൂടി സാദ്ധ്യമാക്കിയാൽ പൗരന് വില്ലേജ് ഓഫീസിലും, അക്ഷയ കേന്ദ്രത്തിലും നേരിട്ട് ചെന്നും,അല്ലാത്തവർക്ക് വീട്ടിലിരുന്നും സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കാവുന്നതാണ്.

സർവ്വീസുകൾ

ആധുനികവൽക്കരിക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസും ചുറ്റുപാടും കൂടി ആകർഷകമാക്കി ഓഫീസുകൾക്ക് അത്യാവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി കൂടുതൽ ജനസൗഹൃദമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തുടക്കത്തിൽ നല്ല രീതിയിൽ ശ്രദ്ധിക്കപ്പെടുന്നതും കുറഞ്ഞത് 20 സെന്റെങ്കിലും

വിസ്തീർണ്ണമുള്ളതുമായ വില്ലേജ് ഓഫീസുകൾ തെരഞ്ഞെടുത്ത്, സംസ്ഥാനത്തിന്റെ പാരമ്പര്യവും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന വിധം മോടി പിടിപ്പിച്ചും, ഉദ്യാനങ്ങളും, സന്ദർശകർക്ക് ഇരിക്കുന്നതിനും, കുടിവെള്ളം, സാനിറ്റേഷൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയും പരിസ്ഥിതി സൗഹൃദവും, ആകർഷകവും ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (സി) | വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുകയും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഓൺ ലൈൻ പോക്കുവരവ് സംവിധാനം( ReLIS) നിലവിൽ വരുന്നതോട് കൂടി വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം പൂർണ്ണതോതിൽ സാദ്ധ്യമാകുന്നതാണ്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ